**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **16-09-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി കിഫ്ബി മുഖേന അനുവദിച്ച 1.57 കോടി രൂപ വിനിയോഗിച്ച് KHRWS നിർവഹണ ഏജൻസിയായി കെട്ടിടവും അനുബന്ധ ഭൗതിക സാഹചര്യങ്ങളും ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല ലഭ്യത ഉറപ്പ വരുത്തുന്നതിനായി തൂണേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനായി കണക്റ്റ് ലോഡ് ഉയർത്തേണ്ടതിനാൽ, ആയതിനായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് എച്ച്. ടി. കണക്ഷൻ ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തി പദ്ധതി മുഖേന 46,30,000/- രൂപ ലഭ്യമാക്കുകയും പ്രവൃത്തി നടത്തുന്നതിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജലലഭ്യതയും വൈദ്യുതി കണക്ഷനും ലഭ്യമാകുന്ന മുറയ്ക്ക് RO Plant സ്ഥാപിക്കുകയും മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുകയും അപ്രകാരം ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുവാൻ കഴിയുകയും ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി കിഫ്ബി മുഖേന അനുവദിച്ച 1.57 കോടി രൂപ വിനിയോഗിച്ച് KHRWS നിർവഹണ ഏജൻസിയായി കെട്ടിടവും അനുബന്ധ ഭൗതിക സാഹചര്യങ്ങളും ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല ലഭ്യത ഉറപ്പ വരുത്തുന്നതിനായി തൂണേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കണക്ട് ലോഡ് ഉയർത്തേണ്ടതിനാൽ, ആയതിനായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് എച്ച്. ടി. കണക്ഷൻ ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തി പദ്ധതി മുഖേന 46,30,000/- രൂപ ലഭ്യമാക്കുകയും പ്രവൃത്തി നടത്തുന്നതിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജലലഭ്യതയും വൈദ്യുതി കണക്ഷനും ലഭ്യമാകുന്ന മുറയ്ക്ക് RO Plant സ്ഥാപിക്കുകയും മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുകയും അപ്രകാരം ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുവാൻ കഴിയുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ